സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC NO:10935/09/LAND**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
24/08/2021

## സർക്കുലർ

**വിഷയം:-ദേവസ്വം ബോർഡിന്റെ ഭൂമിയുടെ വിവരങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്.**

ദേവസ്വം ഭൂമിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ബഹു: ഹൈക്കോടതി ഉത്തരവ് പ്രകാരം ദേവസ്വം ബോർഡിന് മാത്രമായി സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ 2008 മുതൽ ഭൂസംരക്ഷണ വിഭാഗം ആഫീസ് പ്രവർത്തിച്ചു വരുന്നു.

1957-ലെ കെ.എൽ.സി ആക്ട് & ചട്ടങ്ങൾ പ്രകാരം ദേവസ്വം ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് വീണ്ടെടുക്കുന്ന ഭൂമി സ്കെച്ചും മഹസ്സറും ഉൾപ്പെടെ ഭൂസംരക്ഷണ വിഭാഗത്തിൽ നിന്നും ബന്ധപ്പെട്ട സബ്ഗ്രൂപ്പ് ഓഫീസർക്ക് കൈമാറി വരികയാണ് ചെയ്തു വരുന്നത്. ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ അറിയിച്ചതു പ്രകാരം നാളിതുവരെ ഏകദേശം 48 ഏക്കറോളം ദേവസ്വം ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുക്കപ്പെട്ടിട്ടുള്ളതാകുന്നു. ഇപ്രകാരം കൈയ്യേറ്റം ഒഴിപ്പിച്ച് ദേവസ്വത്തിന് കൈമാറപ്പെട്ട ഭൂമി അടമാനം വരുത്തി സംരക്ഷിച്ചില്ലെങ്കിൽ തുടർന്ന് കൈയ്യേറ്റം നടക്കാൻ സാദ്ധ്യതയുണ്ട്. കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ ദേവസ്വത്തിന്റെ അധീനതയിൽ നിലവിൽ ഉള്ള ഭൂമി എത്രയാണെന്നും, ആയത് അടമാനം വരുത്തി സംരക്ഷിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ പലതവണ ആവശ്യപ്പെട്ടിരുന്നെങ്കിലും ആരും തന്നെ അപ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാകുന്നു.

അതുപോലെതന്നെ നിരവധി ദേവസ്വം ഭൂമിക്ക് അനധികൃത പട്ടയങ്ങൾ നൽകിയിട്ടുള്ളതും, പട്ടയം നൽകാൻ ഇപ്പോഴും നടപടികൾ തുടർന്നുവരികയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളിൽ വ്യക്തമായ ഒരു വിവരശേഖരണം എല്ലാ ക്ഷേത്രങ്ങളുമായും ബന്ധപ്പെട്ട അതാത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നടത്തേണ്ടതാണ്.

ആകയാൽ താഴെപ്പറയുന്ന സംഗതികളിൽ ആവശ്യമായ അന്വേഷണം നടത്തി ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

1. നാളിതുവരെ കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത് ദേവസ്വത്തിന് കൈമാറിയ ഭൂമിയുടെ വിസ്തീർണ്ണം? ക്ഷേത്രങ്ങളുടെ പേരുകൾ സഹിതം.
2. കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത് കൈമാറിയ ഭൂമിയിൽ ദേവസ്വത്തിന്റെ അധീനത യിൽ നിലവിൽ ഉള്ള ഭൂമിയുടെ വിവരം.
3. ഭൂമി കൈവശം ഇല്ലെങ്കിൽ എത്ര ഭൂമി കൈവശമില്ലായെന്നും എന്തു കാരണ ത്താൽ അപ്രകാരമുള്ള ഭൂമി നഷ്ടമായി എന്നുമുള്ള വിവരം.
4. കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ അപ്പീൽ റിവിഷൻ കേസുകളും സിവിൽ കേസുകളും നിലവിലുണ്ടെങ്കിൽ ആ വിവരം.
5. കൈയ്യേറ്റം ഒഴിപ്പിച്ച് കൈവശം എടുത്ത ഭൂമി അടമാനം വരുത്തിയിട്ടുണ്ടോ എന്ന വിവരം.
6. ദേവസ്വം ഭൂമിയിൽ അന്യകക്ഷികൾക്ക് അനധികൃത പട്ടയം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പട്ടയകക്ഷികളുടെ പേരുവിവരവും. അതിൽ ഉൾപ്പെട്ട ഭൂമി യുടെ വിസ്തീർണ്ണവും.
7. ദേവസ്വം തനതു ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര ഭൂമിയെന്നും ഉള്ള വിവരം.

മേൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അടി യന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും**
2. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
3. **ഇ.ഡി.പി.സെക്ഷൻ**
4. **സെക്ഷൻ ഫയൽ**